"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിൽ നിഷ്ക്രിയ ആസ്തിയായി തുടരുന്ന മാള മാർക്കറ്റ് ടൂറിസം വകുപ്പിന്റെ കീഴിലുള്ള മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തുന്നതിന് മാള ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2700/2025/LSGD തീയതി,തിരുവനന്തപുരം, 06-11-2025

---

പരാമർശം:-

1. മാള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06/02/2017 ൽ നടന്ന സാധാരണ യോഗത്തിലെ 4-ാം നമ്പർ തീരുമാനം
2. മാള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20/08/2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 8/8(1) നമ്പർ തീരുമാനം
3. WP(C) No.11673/2023 മേലുള്ള 31/03/2023 ലെ വിധി ന്യായം
4. മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21/02/2025 ലെ JC3/5534/2024 നമ്പർ നടപടിക്രമം.
5. ഫിഷറീസ് ഡയറക്ടറുടെ 31/03/2025 ലെ DFTVM-2885/2024-K3 നമ്പർ കത്ത്
6. മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23/06/2025 ലെ 2566210-2015 നമ്പർ കത്ത്
7. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 26/06/2025 ലെ LSGD/PD/18905/2025-Rev1 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിൽ കേന്ദ്രസർക്കാരിന്റെ NFDB ഫണ്ടും കേരള സംസ്ഥാന ഫണ്ടും ഉപയോഗിച്ച് 71,86,171 രൂപ (എഴുപത്തിയൊന്ന് ലക്ഷത്തി എൺപത്തി ആറായിരത്തി ഒരുന്നൂറ്റി എഴുപത്തിയൊന്ന് രൂപ) ചെലവിൽ ഫിഷറീസ് വകുപ്പ് നിർമ്മിച്ച് നൽകിയ 20 ഫിഷ് സ്റ്റാളുകൾ ഉള്ള മാള മത്സ്യമാർക്കറ്റും അനുബന്ധ സൗകര്യങ്ങളും 19.10.2023 തീയതിയിൽ മാള ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്നു.

2) തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിൽ നിലവിൽ നിഷ്ക്രിയ ആസ്തിയായി തുടരുന്ന മാള മാർക്കറ്റ് കെട്ടിടം ടൂറിസം വകുപ്പിന്റെ കീഴിലുള്ള മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തുന്നതിന് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ക്രമനമ്പർ 2789 ആയി 2.50 കോടി രൂപ അടങ്കൽ തുകയുടെ 20% ആയ 50 ലക്ഷം രൂപയും, 2025-26 ലെ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ക്രമ നമ്പർ 1869 ആയി 35 ലക്ഷം രൂപയും വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ ഫിഷറീസ് വകുപ്പിന്റെ അനുമതിയ്ക്കായി ഫിഷറീസ് വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം സർക്കാരിൽ ലഭ്യമായ അപേക്ഷ ഫിഷറീസ് വകുപ്പ്

പരിശോധിയ്ക്കുകയും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മിച്ച് മാർക്കറ്റ്, ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറി ലഭിച്ചിരുന്നു. ഇക്കാര്യത്തിൽ മാളക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (6) പ്രകാരമുള്ള റിപ്പോർട്ട് ഉൾപ്പെടെ ടി മുസിരിസ് പദ്ധതിയ്ക്ക് അനുമതി നൽകുന്നതിനായി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന പരാമർശം (7) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

3) മാള ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതും പുരാതനകാലം മുതൽ വിദൂര സ്ഥലവുമായി ഗതാഗത/വാണിജ്യബന്ധം പുലർത്തിയിരുന്ന ചെറുതുറമുഖമായിരുന്ന ചരിത്രപ്രസിദ്ധമായ മാളക്കടവിന്റെ വികസനത്തിനായി അവിടെ ബോട്ടുജെട്ടിയും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കണമെന്നും മാളക്കടവ്-കോട്ടപ്പുറം (കൊടുങ്ങല്ലൂർ) പൈതൃക ജല ഗതാഗത മാർഗ്ഗം പുനരുജ്ജീവിപ്പിച്ച് മാളയുടെ ടൂറിസം വികസനം ലഭ്യമാക്കുന്നതിന് മുസരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് ടൂറിസം വകുപ്പിനോട് ആവശ്യപ്പെടുന്നതിനായി പരാമർശം (1) & (2) പ്രകാരം ഭരണസമിതി തീരുമാനങ്ങൾ കൈക്കൊള്ളുകയും, മാള മാർക്കറ്റിലെ കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിനെതിരെ കച്ചവടക്കാർ ഫയൽ ചെയ്ത WP(C)No.11673/2023 കേസിന്മേലുള്ള 31/03/2023 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും മുസിരിസ് പദ്ധതി നടപ്പാക്കുന്നതിനായി മാള ഗ്രാമപഞ്ചായത്ത് പരാമർശം (4) പ്രകാരം 21/02/2025 ന് നടപടിക്രമവും മാള ഗ്രാമപഞ്ചായത്ത് പുറപ്പെടുവിച്ചതായി റിപ്പോർട്ട് ചെയ്തിരുന്നു..

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാളഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അധികാരം മാള ഗ്രാമപഞ്ചായത്ത് ഭരണ സമിതിയിൽ നിക്ഷിപ്തമാണെന്ന ഫിഷറീസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, മുസിരിസ് പദ്ധതിയുടെ മുന്നോട്ടുപോകുന്നതിനുള്ള മാള ഗ്രാമപഞ്ചായത്തിന്റെ ഭരണ സമിതിയുടെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലും, ടൂറിസം വകുപ്പിന്റെ 2024-25, 2025-26 ബജറ്റിൽ ഉൾപ്പെടുത്തി മുസിരിസ് പദ്ധതിയ്ക്ക് തുക വകയിരുത്തിയിട്ടുള്ളതിനാലും, തൃശ്ശൂർ ജില്ലയിലെ മാളക്കടവിൽ നിഷ്ക്രിയ ആസ്തിയായി തുടരുന്ന മാള മാർക്കറ്റ് കെട്ടിടം ടൂറിസം വകുപ്പിന്റെ കീഴിലുള്ള മുസിരിസ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തനം നടത്തുന്നതിന് മാള ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരാവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) സെക്രട്ടറി, മാള ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
4) ധനകാര്യ വകുപ്പ്(29/9/2025ലെ 3202804/DEV-3/174/2025-ധന പ്രകാരം)
5) ഫിഷറീസ് വകുപ്പ് (F and P-C2/475/2024, Computer No.2980880
6) ടൂറിസം വകുപ്പ്
7) ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
8) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
9) കരുതൽ ഫയൽ (ഡി.ബി1/202/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 06-11-2025 17:36:47

സെക്ഷൻ ഓഫീസർ